നവരാത്രി മഹോത്സവം -2026

വിശേഷാൽ ഭഗവതിസേവ

നവരാത്രി പൂജയോടനുബന്ധിച്ച് പത്ത് ദിവസങ്ങളിലായി വിശേഷാൽ ഭഗവതിസേവ ഉണ്ടായിരിക്കുന്നതാണ്. ഈ വഴിപാടുകളിലൂടെ ഗൃഹദോഷ പരിഹാരവും ഐശ്വര്യവും ഉണ്ടാകുന്നു.

നവരാത്രിവ്രതം അനുഷ്ഠിക്കേ വിധം

പത്ത് ദിവസവും മത്സ്യമാംസാദികൾ വെടിഞ്ഞ് വ്രതം അനുഷ്ഠിക്കണം. ദിവസവും ദേവീക്ഷേത്രത്തിൽ ദർശനം നടത്തി ദേവീഭാഗവതം, ദേവീമാഹാത്മ്യം, ലളിതാസഹസ്രനാമം, സൗന്ദര്യലഹരി തുടങ്ങിയവ പാരായണം ചെയ്യുകയും വേണം. പത്ത് ദിവസവും വ്രതം അനുഷ്ഠിക്കുവാൻ സാധിക്കാത്തവർക്ക് ദുർഗ്ഗാഷ്ടമി, മഹാനവമി, വിജയദശമി എന്നീ മൂന്ന് ദിവസങ്ങളിൽ വ്രതം അനുഷ്ഠിക്കാവുന്നതാണ്. സർവ്വകർമ്മങ്ങളും ദേവിയിൽ സമർപ്പിക്കുന്ന മഹത്തായ ദിവസമാണ് മഹാനവമി. ഭക്തിയോടെ ദേവിയെ ഭജിക്കുന്നവർക്ക് എല്ലാവിധ വിജയവും സിദ്ധിക്കുന്ന ദിവസമാണ് വിജയദശമി.

എല്ലാ രക്ഷിതാക്കളും തങ്ങളുടെ മക്കളെ നവരാത്രി വ്രതം അനുഷ്ഠിക്കുന്നതിനും, ക്ഷേത്രദർശനം നടത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാരസ്വതഘൃതം

സരസ്വതി മണ്ഡപത്തിൽവച്ച് പത്ത് ദിവസം പുരുഷസൂക്തം, ഭാഗ്യസൂക്തം, സാരസ്വതസൂക്തം, ഐക്യമത്യസൂക്തം എന്നിവ ജപിച്ച് തയ്യാറാക്കുന്ന സാരസ്വതഘൃതം ചെറിയ കുട്ടികൾക്ക് ബുദ്ധി വികാസത്തിനും വിദ്യാർത്ഥികൾക്ക് ഓർമ്മശക്തിയ്ക്കും വിദ്യാഭിവൃദ്ധിക്കും മാനസികാരോഗ്യത്തിനും അത്യുത്തമമാണ്. ക്ഷേത്രത്തിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് വിജയദശമി ദിവസം സരസ്വതിപൂജയ്ക്ക് ശേഷം സാരസ്വതഘൃതം ലഭിക്കുന്നതായിരിക്കും.

എല്ലാദിവസവും ദേവീഭാഗവതപാരായണം: സത്സംഗ സമിതി, മുടപുരം

ശബ്ദവും വെളിച്ചവും : കൃപാസൗണ്ട്, മുടപുരം

വിനായക - 9809336438

മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രം

പബ്ലിക് ട്രസ്റ്റ്, മുടപുരം പി.ഒ., ചിറയിൻകീഴ്

രജി. നമ്പർ 109/96

ഫോൺ: 8547381578

website: www.thengumvilaamma.com

email: thengumvilatrust2018@gmail.com

നവരാത്രി മഹോത്സവം

2026 ഒക്ടോബർ 11 ഞായർ (1202 കന്നി 25) മുതൽ
2026 ഒക്ടോബർ 21 ബുധൻ (1202 തുലാം 4) വരെ

- ദേവീഭാഗവതപാരായണം • സരസ്വതിപൂജ, പൂജവയ്പ്
- വിദ്യാരംഭം • വിവിധ കലാപരിപാടികൾ

ഉദ്ഘാടനം:

ഡോ: പി.എസ്. പത്മപ്രസാദ്

(മെഡിക്കൽ ഓഫീസർ, കിഴുവിലം PHC)

നവരാത്രി മഹോത്സവം -2026

ബഹുമാന്യ ഭക്തജനങ്ങളെ,

ഈവർഷത്തെ നവരാത്രി മഹോത്സവം 2026 **ഒക്ടോബർ 11-ാം തീയതി ആരംഭിച്ച് ഒക്ടോബർ 21 -ാം തീയതി പര്യവസാനിക്കുന്നു.**

ലോകമാതാവായ ആദിപരാശക്തിയെ ഇന്ത്യമുഴുവൻ ഒരേ സമയം പൂജിക്കപ്പെടുന്ന അതിശ്രേഷ്ഠമായ ആഘോഷമാണ് നവരാത്രി പൂജാകാലം. എല്ലാ ആപത്തുകളിൽ നിന്നും രക്ഷനേടുന്നതിനാണ് നവരാത്രി പൂജ അനുഷ്ഠിക്കുന്നത്.

പ്രപഞ്ചമാതാവായ ആദിപരാശക്തിയെ ആരാണോ ശ്രദ്ധാ ഭക്തികളോടെ ഉപാസിക്കുന്നത് അവർക്ക് ഒരു പ്രകാരത്തിലുള്ള പരാജയവും ഒരിക്കലും ഭവിക്കുകയില്ല എന്നത് അനേകം അനുഭവങ്ങളിലൂടെ വ്യക്തമാക്കപ്പെട്ട സത്യമാണ്.

നവരാത്രി ദിനങ്ങളിലെ ആദ്യത്തെ 3 ദിവസം ഭഗവതിയെ കരുത്തിന്റെ പ്രതീകമായ ദുർഗ്ഗാദേവി ഭാവത്തിലും അതിനുശേഷം വരുന്ന 3 ദിവസങ്ങളിൽ സമ്പത്തിന്റെ ദേവിയായ ലക്ഷ്മി ദേവിഭാവത്തിലും അവസാന 3 ദിവസവും വിദ്യാദേവതയായ സരസ്വതി ദേവിയുടെ ഭാവത്തിലുമാണ് ആരാധിക്കപ്പെടുന്നത്. ഈ ദിവസങ്ങളിൽ ദേവിയെ വിധിപ്രകാരം പൂജിക്കുന്നവർക്ക് ഏത് വിഷമസന്ധിയെയും അനായാസം തരണംചെയ്തു. വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്.

നമ്മുടെ ക്ഷേത്രത്തിലും ഇത്തവണ വിപുലമായ ചടങ്ങുകളോടെ നവരാത്രി പൂജ ആചരിക്കുകയാണ്. നവരാത്രി മണ്ഡപത്തിൽ ദിവസവും ദേവീഭാഗവതപാരായണവും ലളിതാസഹസ്രനാമ ജപത്തോടെ പ്രത്യേക സരസ്വതിപൂജയും വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2026 ഒക്ടോബർ 11 -ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ഡോ : പി. എസ് പത്മപ്രസാദ് ഭദ്രദീപം കൊളുത്തി സമാരംഭിക്കുന്ന നവരാത്രി മഹോത്സവത്തിൽ എല്ലാ ഭക്തജനങ്ങളും കുട്ടികളോടൊപ്പം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്, ഭക്ത്യാദരപൂർവ്വം,

പ്രസിഡന്റ്	സെക്രട്ടറി	ട്രഷറർ
ഡി. ബാബുരാജ്	**എൻ.എസ്. പ്രഭാകരൻ**	**എസ്.എൽ. അജികുമാർ**
9048457027	8714723130	9037796132

നവരാത്രി മഹോത്സവം -2026

വിദ്യാരംഭം കുറിക്കാൻ ആഗ്രഹിക്കുന്നവരും സരസ്വതിപൂജ, ഭഗവതിസേവ, കഞ്ഞിസദ്യ, പാരായണം എന്നിവ വഴിപാടായി നടത്താൻ ആഗ്രഹിക്കുന്നവരും മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 8547381578

ഓരോ ദിവസവും ഉള്ള സരസ്വതിപൂജയും മേൽശാന്തി തയ്യാറാക്കുന്ന വിശേഷാൽ പ്രസാദവും മറ്റ് വഴിപാടുകളും നടത്താൻ താല്പര്യമുള്ള ഭക്തജനങ്ങൾ അന്നേദിവസം 5 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

വിദ്യാരംഭം കുറിക്കുന്ന കുട്ടികൾ വ്രതാനുഷ്ഠാനങ്ങളോടെ എല്ലാ ദിവസവും ദേവീദർശനം നടത്തുന്നതും സരസ്വതിപൂജയിൽ പങ്കെടുക്കുന്നതും വിദ്യാവിജയത്തിന് ഉത്തമമാണ്.

സാരസ്വതമന്ത്രം ജപിച്ച് തയ്യാറാക്കുന്ന സാരസ്വതഘൃതം വ്രതനിഷ്ഠയോടെ 41 ദിവസം സേവിക്കുന്നത് ഓർമ്മശക്തിക്കും ബുദ്ധിശക്തിക്കും പരീക്ഷാദികളിൽ വിജയത്തിനും ഉത്തമമാണ്.

സാരസ്വതഘൃതം ആവശ്യമുള്ള ഭക്തജനങ്ങൾ 11.10.2026 ന് മുമ്പായി ട്രസ്റ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സരസ്വതി മണ്ഡപത്തിൽ നടത്തുന്ന പ്രധാന വഴിപാടുകൾ

1) സരസ്വതിപൂജ
2) വിദ്യാരാജ്ഞിമന്ത്ര പുഷ്പാഞ്ജലി,
3) ബാലവാഗ്ദേവി മന്ത്രാർച്ചന
4) വിദ്യ മന്ത്രാർച്ചന

പ്രത്യേക അറിയിപ്പ്

2027 വർഷത്തിലെ കുംഭഭരണി മഹോത്സവം 2027 മാർച്ച് 6 മുതൽ മാർച്ച് 13 വരെയുള്ള തീയതികളിൽ നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. ക്ഷേത്രപൂജകൾ, വിളക്ക്, സമൂഹസദ്യ, കലാപരിപാടികൾ എന്നിവ നടത്തുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ ക്ഷേത്രട്രസ്റ്റ് ഓഫീസുമായി ബന്ധപ്പെടുക. 9048457027, 9037796132, 8714723130

thengumvila012@fbl

വഴിപാടുകൾ ഓൺലൈനിലൂടെ ചെയ്യുവാൻ കഴിയുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നിങ്ങൾ ചെയ്യേണ്ടത് ബാർകോഡ് സ്കാൻചെയ്തോ thengumvila012@fbl എന്ന UPI ഐഡിയിലൂടെയോ പണമടച്ച സ്ക്രീൻഷോട്ടും വഴിപാട് വിവരങ്ങളും 8547381578 എന്ന വാട്സ്ആപ്പ് നമ്പരിൽ അയയ്ക്കേണ്ടതാണ്.

നവരാത്രി മഹോത്സവം -2026

പത്താംദിവസം

2026 ഒക്ടോബർ 20 (1202 തുലാം 3) ചൊവ്വ

മഹാനവമി

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.00ന് : **ആയുധപൂജ, വാഹനപൂജവയ്പ്പ്**

6.00 ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

വിശേഷാൽ പാഠപുസ്തക പൂജയും

ആയുധവാഹനപൂജയും

7.00ന് : **മേജർസെറ്റ് കഥകളി**

കഥ : പ്രഹളാദചരിതം

അവതരണം : നാട്യശ്രീകഥകളി ട്രൂപ്പ്, മുട്ടപ്പലം വർക്കല

വഴിപാട് : കഥകളി ആസ്വാദക സമിതി മുടപുരം

7.30ന് : **താലപ്പൊലിയും വിളക്കും**

വഴിപാട് : ഒരു ദേവിഭക്ത

8.15ന് : **പ്രസാദവിതരണം** (അരവണനിവേദ്യം)

പതിനൊന്നാംദിവസം

2026 ഒക്ടോബർ 21 (1202 തുലാം 4) ബുധൻ

പതിവ് പൂജകൾക്ക് പുറമെ

രാവിലെ 7.00ന് : **പൂജയെടുപ്പ്**

7.30 മുതൽ : **വിദ്യാരംഭം**

ഡോ: രമേശ് (അധ്യാപകൻ)

തുടർന്ന് : **കഞ്ഞിസദ്യ**

വൈകു. 7.30 ന് : **താലപ്പൊലിയും വിളക്കും**

വഴിപാട്: ശ്രീ. എം ഹരിദാസൻ, നിതിനാഭവൻ, മുടപുരം

6.30ന് : **കൈകൊട്ടിക്കളി**

അവതരണം :ശ്രീ പത്മനാഭം, തിരുവനന്തപുരം

6.30ന് : **ശാസ്ത്രീയ നൃത്തസന്ധ്യ**

അവതരണം : തത്വമസി കലാപീഠം, ശാസ്തവട്ടം തിരുവനന്തപുരം

വിളക്ക് സമയത്ത് താലപ്പൊലി എടുക്കാൻ ആഗ്രഹിക്കുന്ന സ്ത്രീ ഭക്തജനങ്ങൾ അന്നേദിവസം രാത്രി 7 മണിക്ക് ക്ഷേത്രത്തിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നവരാത്രി മഹോത്സവം -2026

നവരാത്രി ഉത്സവ കാര്യപരിപാടികൾ

ഒന്നാം ദിവസം

2026 ഒക്ടോബർ 11 (1202 കന്നി 25) ഞായർ

രാവിലെ 4.45ന് : പള്ളിയുണർത്തൽ

5.00ന് : നടതുറക്കൽ, നിർമ്മാല്യദർശനം

6.00ന് : **ഗണപതിഹോമം**

വൈകു. 6.30ന് : നവരാത്രി മഹോത്സവത്തിന് സമാരംഭം കുറിച്ചുകൊണ്ട്

ഡോ: പി.എസ്. പത്മപ്രസാദ്

(മെഡിക്കൽ ഓഫീസർ കിഴുവിലം PHC)

ഭദ്രദീപം തെളിയിക്കുന്നു.

തുടർന്ന് : **പ്രഭാഷണം**

6.30ന് : **ദീപാരാധന**

രാത്രി 7.00 മുതൽ : **ഡാൻസ്**

അവതരണം : ശ്രീ ശാർക്കരേശ്വരി നൃത്തവിദ്യാലയം

പെരുങ്ങേറ്റ് മുക്ക്, കടയ്ക്കാവൂർ

രാത്രി 7.30ന് : അത്താഴപൂജ

7.45ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

8.15ന് : **പ്രസാദവിതരണം** (പാൽപ്പായസം)

രണ്ടാം ദിവസം

2026 ഒക്ടോബർ 12 (1202 കന്നി 26) തിങ്കൾ

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

6.00 ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

6.30ന് : **കൈകൊട്ടിക്കളി**

അവതരണം : നാഗർനട കൈകൊട്ടിക്കളി സംഘം, മുട്ടപ്പലം

7 മണി മുതൽ : **അക്ഷയ കലാസന്ധ്യ**

(ശാസ്ത്രീയ സംഗീതം, ഭരതനാട്യം, തിരുവാതിര)

അവതരണം : അക്ഷയ പെർഫോമിംഗ് ആർട്സ് അക്കാദമി, പെരുങ്ങുഴി

8.15ന് : **പ്രസാദവിതരണം** (കടുംപായസം)

നവരാത്രി മഹോത്സവം -2026

മൂന്നാം ദിവസം

2026 ഒക്ടോബർ 13 (1202 കന്നി 27) ചൊവ്വ

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

രാത്രി 7.00 മുതൽ : **ഭജൻസ്**

അവതരണം : ശ്രീ ഭദ്രാ ഭജൻസ്, ഇടയാവണം, തോന്നയ്ക്കൽ

8.15ന് : **പ്രസാദവിതരണം** (എള്ള് പായസം)

നാലാം ദിവസം

2026 ഒക്ടോബർ 14 (1202 കന്നി 28) ബുധൻ

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

7.00ന് : **ഭജൻസ്**

അവതരണം : വേണി ഭജൻസ്, കുന്നുവാരം, ആറ്റിങ്ങൽ

8.15ന് : **പ്രസാദവിതരണം** (കടും പായസം)

അഞ്ചാം ദിവസം

2026 ഒക്ടോബർ 15 (1202 കന്നി 29) വ്യാഴം

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

6.00 ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

രാത്രി 7 മുതൽ : **നൃത്തസന്ധ്യ (ക്ലാസിക്കൽ, സെമിക്ലാസിക്കൽ, സംഗീതം)**

അവതരണം : വിജീഷ് നൃത്തകല, ചിറയിൻകീഴ്

8.15ന് : **പ്രസാദവിതരണം** (അവൽനിവേദ്യം)

ആറാം ദിവസം

2026 ഒക്ടോബർ 16 (1202 കന്നി 30) വെള്ളി

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

വൈകു 6.00 ന് : **കൈകൊട്ടിക്കളി**

രാത്രി 7.00 ന് : **സംഗീതസദസ്സ്** അവതരണം : തേജസ്വിനി മ്യൂസിക്കൽസ്, മുദാക്കൽ

8.15ന് : **പ്രസാദവിതരണം** (കടുംപായസം)

നവരാത്രി മഹോത്സവം -2026

ഏഴാം ദിവസം

2026 ഒക്ടോബർ 17 (1202 കന്നി 31) ശനി

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5.30 ന് : **ദേവീഭാഗവത പാരായണം**

രാത്രി 6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും**

രാത്രി 6.30ന് : **കൈകൊട്ടിക്കളി**

അവതരണം : അർദ്ധനാരീശ്വര, പണ്ടകശാല, ചിറയിൻകീഴ്

7.30ന് : **സംഗീതകച്ചേരി**

അവതരണം : സപ്തശ്രീ സ്കൂൾ ഓഫ് മ്യൂസിക്, വിളയ്ക്കാട്, ആലിയാട് പി. ഒ.
വെഞ്ഞാറമൂട്, തിരുവനന്തപുരം

8.15ന് : **പ്രസാദവിതരണം** (ഉണ്ണിയപ്പം)

എട്ടാം ദിവസം

2026 ഒക്ടോബർ 18 (1202 തുലാം 1) ഞായർ

പതിവ് പൂജകൾക്ക് പുറമെ

വൈകു. 5 മുതൽ : **പൂജവയ്പ്** (ക്ഷേത്രമേൽശാന്തി)

പൂജ വയ്പിനുള്ള പുസ്തകങ്ങൾ ഭദ്രമായി പൊതിഞ്ഞ് വിലാസവും ഫോൺ നമ്പരും സഹിതം 5 മണിക്ക് മുമ്പായി ക്ഷേത്രത്തിൽ എത്തിച്ച് രസീത് വാങ്ങേണ്ടതാണ്.

രാത്രി 6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും
വിശേഷാൽ പാഠപുസ്തക പൂജയും**

6.30ന് : **കൈകൊട്ടിക്കളി**

7.00ന് : **നൃത്താർപ്പണം (ഡാൻസ്)**

അവതരണം : കൃഷ്ണപദം ഡാൻസ് സ്കൂൾ, മൂന്നുമുക്ക്, ആറ്റിങ്ങൽ.

8.15ന് : **പ്രസാദവിതരണം** (പാൽപ്പായസം)

ഒൻപതാം ദിവസം

2026 ഒക്ടോബർ 19 (1202 തുലാം 2) തിങ്കൾ

ദുർഗ്ഗാഷ്ടമി

പതിവ് പൂജകൾക്ക് പുറമെ

രാത്രി 6.00ന് : **ലളിതാ സഹസ്രനാമജപവും സരസ്വതിപൂജയും
വിശേഷാൽ പാഠപുസ്തക പൂജയും**

6.30ന് : **ഭക്തിഗാനമേള**

അവതരണം : ദക്ഷ സ്കൂൾ ഓഫ് മ്യൂസിക്, പുരവൂർ, ചിറയിൻകീഴ്

7.30ന് : **സംഗീത സന്ധ്യ** അവതരണം : റിഥം മ്യൂസിക്, മുടപുരം

8.15ന് : **പ്രസാദവിതരണം** (കടുംപായസം)